വിതരണ ശൃംഖലയുടെ സാങ്കേതിക പരിശോധനയ്ക്കായി ബന്ധപ്പെട്ട രേഖകൾ ഐ.പി.ഡി.ചീഫ് എൻജിനീയറുടെ ഓഫീസിലാണ്. വിശദമായ റിപ്പോർട്ട് കിട്ടിയാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

51 (1697) തടയണകളും അടയണകളും

ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എ.കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മുൻകൈയെടുത്ത് എവിടെയെല്ലാം തടയണകളും അടയണകളും ഉണ്ടാക്കിയിട്ടുണ്ട്;

(ബി) ജനങ്ങൾക്ക് ഒരു ജലസാക്ഷരത പ്രദാനം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെല്ലാം പ്രചരണോപാധികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചിട്ടുള്ള തടയണകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. അടിയണകൾ ഒന്നും നിർമ്മിച്ചിട്ടില്ല.

(ബി) ജനങ്ങൾക്ക് ഒരു ജലസാക്ഷരത ആവശ്യമാണെന്ന് ബോദ്ധ്യം വന്നതിനാൽ അതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ ത്രിതല പഞ്ചായത്ത് തലത്തിലുള്ള ജനപ്രതിനിധികളേയും ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധികളേയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗുകളും സെമിനാറുകളും നടത്താറുണ്ട്.

(സി) വരും നൂറ്റാണ്ടിൽ ജലത്തിന് വളരെ ദൗർലഭ്യം നേരിടേണ്ടിവരുമെന്നാണ് ശാസ്ത്രജ്ഞൻമാരുടേയും മറ്റും പഠനത്തിലൂടെ തെളിഞ്ഞിട്ടുള്ളത്. ആയതിനാൽ ഉപഭോക്താക്കൾക്ക് ഒരു ജലസാക്ഷരത വളരെ ആവശ്യമാണെന്നാണ് കരുതുന്നത്.

52 (1698) കടലാക്രമണവും വെള്ളപ്പൊക്കവും നിയന്ത്രിക്കാൻ പദ്ധതി

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തുവരുന്ന കാലവർഷംമൂലം സംസ്ഥാനത്ത് ഉണ്ടാകാനിടയുള്ള കടലാക്രമണത്തേയും വെള്ളപ്പൊക്കത്തേയും നിയന്ത്രിക്കാനായി സർക്കാർ മുൻകൂട്ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly